# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3072 — 28.01.2014 ൽ - മറുപടിക്ക്

### സുതാര്യവൽകൃത പോർട്ടൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, അൻവർ സാദത്ത്<br>,, കെ. ശിവദാസൻ നായർ<br>,, വി.റ്റി. ബൽറാം | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സുതാര്യവൽകൃത പോർട്ടൽ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ പൊതു വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഇതു സംബന്ധിച്ച എല്ലാ വിവരങ്ങളും പൊതു ജനങ്ങൾക്ക് നേരിട്ട് കാണത്തക്ക വിധത്തിൽ ഒരു സുതാര്യവൽകൃത പോർട്ടലിൽ ഉൾപ്പെടുത്തു ന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) എഫ്.സി.ഐ.-ൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സ്വീകരിക്കുന്നത് മുതൽ റേഷൻ കടകളിൽ അവ യഥാർത്ഥ ഗുണഭോക്താക്കൾക്ക് വിൽക്കുന്നത് വരെയുള്ള ഓരോ പ്രക്രിയയും സംബന്ധിച്ച എല്ലാ വിവരങ്ങളും സുതാര്യവൽകൃത പോർട്ടലിൽ ലഭ്യമാകും. അതായത് എഫ്.സി.ഐ.യിൽ നിന്നും സ്വീകരിച്ച ഭക്ഷ്യധാന്യങ്ങളുടെ അളവ് അവ വിട്ടെടുത്ത എ.ഡബ്ല്യൂ.ഡി.യുടെ വിവരങ്ങൾ, അവിടെ നിന്നും വിവിധ എ.ആർ.ഡി.കൾ വിട്ടെടുത്ത ഭക്ഷ്യധാന്യങ്ങളുടെ തോത്, അവ ഏത് കാർഡുടമയ്ക്ക് എത്ര അളവിൽ, എന്ന്, എപ്പോൾ വിൽപ്പന നടത്തി തുടങ്ങി ഓരോ പ്രക്രിയയുടെയും സമ്പൂർണ്ണവിവരങ്ങൾ സുതാര്യവൽകൃത പോർട്ടലിൽ ലഭ്യമാകും. സുതാര്യവൽകൃത പോർട്ടലിൽ വിവരങ്ങൾ അപ്ഡേറ്റ് ആവുന്നത് ഒരു ആട്ടോമേറ്റഡ് പ്രോസസ് മുഖാന്തിരം ആയതിനാൽ ഓരോ പ്രക്രിയയും സംബന്ധിച്ച വിവരങ്ങൾ തൽസമയം അപ്ഡേറ്റ് ആവുന്നു. |
| (സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) പൊതുവിതരണ ശൃംഖലയിലെ ഓരോ പ്രക്രിയയും സമ്പൂർണ്ണമായി സുതാര്യമാവുന്നു. എഫ്.സി.ഐ.-ൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നത് മുതൽ എ.ആർ.ഡി.-യിൽ അവ വിറ്റഴിക്കുന്നത് വരെയുള്ള സമ്പൂർണ്ണ വിവരങ്ങൾ പൊതുജനങ്ങൾക്ക് തത്സമയം തന്നെ ഈ സുതാര്യ-വൽകൃത പോർട്ടലിൽ നിന്നും അറിയാൻ സാധിക്കും. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ഡി) | സുതാര്യവൽകൃത പോർട്ടൽ നിർമ്മിക്കുന്നത് സംബന്ധിച്ച് പൊതുവിതരണ വകുപ്പിന്റെ ആവശ്യകതകൾ എൻ.ഐ.സി. സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ-ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനായി ലഭിക്കുന്നത്? | (ഇ) | നടപ്പു സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ